# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം : 4747 — 21-10-2011-ൽ മറുപടിക്ക്

## വൈദ്യുതി കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള<br>,, കെ. മുഹമ്മദുണ്ണി ഹാജി | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) | |
| (എ) | വൈദ്യുതി ബോർഡിന് ഒരു ലക്ഷത്തിൽപരം രൂപ കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ നൽകുമോ; | (എ) | വൈദ്യുതി ബോർഡിന് ഒരു ലക്ഷത്തിൽപരം രൂപ കുടിശ്ശിക വരുത്തിയ ഉപഭോക്താക്കളുടെ വിശദാംശങ്ങൾ അനുബന്ധം I, II ആയി ചേർത്തിട്ടുണ്ട്. |
| (ബി) | കുടിശ്ശികയിനത്തിൽ വൈദ്യുതി ബോർഡിന് എത്ര രൂപ നാളിതുവരെ ലഭിക്കാനുണ്ട്; | (ബി) | 30.06.2011-ലെ കണക്കനുസരിച്ച് കുടിശ്ശികയിനത്തിൽ വൈദ്യുതി ബോർഡിന് 1202.59 കോടി രൂപ പിരിഞ്ഞു കിട്ടാനുണ്ട്. |
| (സി) | കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഈ സർക്കാർ അധികാരമേറ്റ ശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി ഈ സർക്കാർ അധികാരമേറ്റ ശേഷം സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.<br>(i) കുടിശ്ശിക വരുത്തിയ ഉപഭോക്താക്കളുടെ വൈദ്യുത ബന്ധം അടിയന്തിരമായി വിച്ഛേദിക്കുക.<br>(ii) റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുക.<br>(iii) പലിശയിളവ് അനുവദിച്ചുകൊണ്ട് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുക.<br>(iv) റവന്യൂ അദാലത്തുകൾ സംഘടിപ്പിക്കുക, തവണ വ്യവസ്ഥകൾ അനുവദിക്കുക.<br>(v) തുറന്നു പ്രവർത്തിക്കുന്ന എൽ.ടി/എച്ച്.ടി വ്യവസായ ശാലകൾ, പ്ലാന്റേഷനുകൾ എന്നിവയുടെ പൂട്ടിക്കിടന്ന കാലയളവിലെ ഫിക്സഡ് ചാർജ്ജ്/ഡിമാന്റ് ചാർജ്ജ് എന്നിവ ഒഴിവാക്കി നൽകുക. |

| | | | |
|---|---|---|---|
| | | (vi) | സംസ്ഥാന ഗവൺമെന്റിന്റെ നൂറുദിന പരിപാടിയുടെ ഭാഗമായി 30.09.2011-നു മുൻപ് കുടിശ്ശിക തീർപ്പാക്കുന്ന പൂട്ടിപ്പോയ വ്യവസായ സ്ഥാപനങ്ങൾക്കും പൂട്ടിക്കിടക്കുകയും എന്നാൽ ഇപ്പോൾ തുറന്നു പ്രവർത്തിക്കുകയും ചെയ്യുന്ന വ്യവസായ സ്ഥാപനങ്ങൾക്കും കുടിശ്ശികയുടെ പലിശ 3% ആയി നിജപ്പെടുത്തി നൽകിയിരുന്നു. |
| (ഡി) | കുടിശ്ശിക തിരിച്ചടയ്ക്കാതെ വൈദ്യുതി ബോർഡിന് ഭീമമായ നഷ്ടം വരുത്തുന്ന സ്വകാര്യ സ്ഥാപനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമോ? | (ഡി) | കുടിശ്ശിക തിരിച്ചടയ്ക്കാതെ വൈദ്യുതി ബോർഡിന് ഭീമമായ നഷ്ടം വരുത്തുന്ന സ്വകാര്യ സ്ഥാപനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.